ജന്മഭൂമി

06 May 2017

# മത്സ്യക്ഷാമ പാക്കേജ് വേണമെന്ന് തൊഴിലാളികൾ

**കൊച്ചി:** പെരിയാർ മലിനീകരണമടക്കം മത്സ്യത്തൊഴിലാളികളും മത്സ്യകർഷകരും നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തുന്നതിന് സിഎംഎഫ് ആർഐയിൽ യോഗം നടത്തുമെന്ന് കേന്ദ്ര കൃഷിമന്ത്രി സുദർശൻ ഭഗത്. സിഎംഎഫ്ആർഐയിൽ നടന്ന മത്സ്യത്തൊഴിലാളി മത്സ്യകർഷക സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.



സിഎംഎഫ്ആർഐയിൽ നടന്ന മത്സ്യത്തൊഴിലാളി മത്സ്യകർഷക പ്രതിനിധികളുമായുള്ള ചർച്ചയിൽ കേന്ദ്രമന്ത്രി സുദർശൻ ഭഗത് മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ കേൾക്കുന്നു

മത്സ്യലഭ്യതയ്ക്ക് ഗണ്യമായ കുറവുണ്ടായതിനാൽ മത്സ്യക്ഷാമ പാക്കേജ് പ്രഖ്യാപിക്കണമെന്ന് മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടു. 2012ന് ശേഷം കേരളത്തിൽ മത്സ്യ ലഭ്യതയിൽ വൻ ഇടിവാണുണ്ടായത്.

മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ലാഭം ലഭിച്ചിരുന്ന മത്തിയുടെ കുറവ് മത്സ്യമേഖലയിൽ ദുരിതം വിതച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഏകദേശം പതിനായിരം കോടിയുടെ നഷ്ടം സംഭവിച്ചതായി പഠനങ്ങൾ തെളിയിക്കുന്നു.

ഇതുമൂലം മത്സ്യക്ഷാമ പാക്കേജ് വേണമെന്ന് മത്സ്യത്തൊഴിലാളി ഐക്യവേദി സംസ്ഥാന പ്രസിഡന്റ് ചാൾസ് ജോർജ്ജ് പറഞ്ഞു. മത്സ്യമേഖലയ്ക്ക് മാത്രമായി കേന്ദ്രത്തിൽ പ്രത്യേക മന്ത്രാലയം രൂപീകരിക്കണമെന്നും ചർച്ചയിൽ മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടു. കൂടുമത്സ്യ കൃഷിക്കും ഇൻഷുറൻസ് പരിരക്ഷ, വൈപ്പിൻകരയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വതന്ത്രമായി ഹാർബർ, എന്നിവയാണ് മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾ.

മത്സ്യത്തൊഴിലാളികളുടെയും കർഷകരുടെയും ആവശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുമെന്ന് കേന്ദ്ര മന്ത്രി അറിയിച്ചു.

സംസ്ഥാന സർക്കാറുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിറവേറ്റുന്നതിന് കേരള സർക്കാറിനോട് ആവശ്യപ്പെടുമെന്നും മന്ത്രി ഉറപ്പ് നൽകി.